പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1526

06-03-2017 ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

**ചോദ്യം**

ശ്രീ.എസ്.ശർമ്മ

**മറുപടി**

ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | എ) | RIDF 20 സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ താഴെ പറയുന്നവയാണ്. |

| നം | പദ്ധതിയുടെ പേര് |
|---|---|
| 1 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പള്ളിപ്പുറം പഞ്ചായത്തുകളിലെ പുത്തൻപാടത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 2 | എറണാകുളം ജില്ലയിലെ എടവനക്കാട് പഞ്ചായത്തിലെ വടക്കുംഭാഗം പാടശേഖരം, കൊച്ചടപ്പ് പാടശേഖരം-അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 3 | എറണാകുളം ജില്ലയിലെ വലിയകടമക്കുടി, കടമക്കുടി ബണ്ട്, കോലടി എന്നീ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 4 | എറണാകുളം ജില്ലയിലെ കുഴിപ്പിള്ളി പഞ്ചായത്തിലെ അരങ്ങിൽ അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 5 | കടമക്കുടി പഞ്ചായത്തിലെ ചെറിയ കടമക്കുടി, പുളിക്കേപ്പുറം, മുറിക്കേക്കര പൊക്കാളി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 6 | നായരമ്പലം പഞ്ചായത്തിലെ വെസ്റ്റ് നെട്ടങ്ങാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| 7 | നായരമ്പലം പഞ്ചായത്തിലെ സെൻട്രൽ നെട്ടങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |

| | | |
|---|---|---|
| | | 8 നായരമ്പലം പഞ്ചായത്തിലെ ഈസ്റ്റ് നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| | | 9 നായരമ്പലം പഞ്ചായത്തിലെ ചക്കരച്ചാൽ പൊക്കാളി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ |
| | | 10 ജൈവ വൈപ്പിൻ മേഖലയിലെ കനാലുകളുടെ പുനരുദ്ധാരണം |
| ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | പ്രസ്തുത പ്രവൃത്തികളുടെ (10 എണ്ണം) ആകെ ഭരണാനുമതി തുക 5659.28 ലക്ഷം രൂപയാണ്. |
| സി) ഈ പ്രവൃത്തികളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | സി) | ഇതിൽ 9 പ്രവൃത്തികൾ പുരോഗതിയിലാണെങ്കിലും മേൽ പ്രവൃത്തികളിൽ, 3,5 പ്രവൃത്തികളുടെ കുറെ ഭാഗങ്ങളും 10-ാ മത്തെ പ്രവൃത്തിയായ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും, ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും സ്റ്റേ ഉത്തരവ് പ്രകാരം നിർത്തിവച്ചിരിക്കുകയാണ്. ഇത് കൂടാതെ ബഹു. ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസുകളും നിലവിലുണ്ട്. |
| ഡി) തടസ്സപ്പെട്ടുകിടക്കുന്ന ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | ഡി) | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും, ഫോർട്ട് കൊച്ചി സബ് കളക്ടറുടെയും സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാലാണ് ടി പ്രവൃത്തികളിൽ കാലതാമസം ഉണ്ടാകുന്നത്. |
| ഇ) ഈ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | ഇ) | ടി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ നിരോധന ഉത്തരവ് പിൻവലിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ടവരുടെ യോഗം മന്ത്രി തലത്തിൽ ഉടനെ വിളിച്ചു ചേർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ